താഴെ പറയുന്ന നാല് രോഗങ്ങൾക്കുള്ള ടെസ്റ്റുകളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നത് :

1. കൺജെനിറ്റൽ ഹൈപ്പോ തൈറോയ്ഡിസം
2. കൺജെനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ
3. ഫിനെയിൽ കിറ്റോന്യൂറിയ
4. ജി 6 പി.ഡി. ഡെഫിഷ്യൻസി

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 44 ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പി.എച്ച്. ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. ആശുപത്രികളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.* പ്രത്യേകതരം ഫിൽറ്റർ പേപ്പറുകളിൽ ശേഖരിക്കുന്ന രക്തസാമ്പിളുകൾ പി.എച്ച്. ലാബുകളിൽ പരിശോധിച്ച് ആയതിന്റെ റിസൾട്ട് രക്തസാമ്പിളുകൾ ലഭിച്ച ആശുപത്രി കളിലേയ്ക്ക് ഇ-മെയിൽവഴിയും ലഭ്യമാക്കുന്ന പ്രകാരം കുഞ്ഞിന് അടിയന്തര ചികിത്സ ആശുപത്രികളിൽ നൽകുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമാന്ദ്യം പോലുള്ള അവസ്ഥ ഒഴിവാക്കാൻ കഴിയും.

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി

78 (4881) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദ, ആയുഷ്, ഹോമിയോപ്പതി ഡോക്ടർമാർക്കും ഈ രംഗത്തെ നഴ്സുമാർക്കും ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിക്കൊണ്ടുള്ള മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ആലോചനയെക്കുറിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും വിവരം ലഭിക്കുകയോ ഇതിനെക്കുറിച്ച് മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കത്തിനെതിരെ നിയമാനുസൃതമായി എന്തൊക്കെ അടിയന്തരനടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആയുർവേദ, ആയുഷ്, ഹോമിയോപ്പതി ഡോക്ടർമാർക്കും ഈ രംഗത്തെ നഴ്സുമാർക്കും ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിക്കൊണ്ട് മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ആലോചനയെക്കുറിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പ്രവർത്തനവും ഭക്ഷ്യസുരക്ഷാ നിയമവും

79 (4882) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഭക്ഷ്യസുരക്ഷാനിയമം എന്നുമുതലാണ് നടപ്പാക്കിയത് എന്നും ആയതുവഴി നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും ആയതിനായി 2014-15 വർഷം എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരിൽ രജിസ്ട്രേഷനും ലൈസൻസും ഉള്ളവർ എത്രപേർ എന്ന് അറിയിക്കുമോ ; രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്തവർ ഭക്ഷ്യസാധനങ്ങൾ കൊണ്ടുവരുമ്പോൾ അതിർത്തിപ്രദേശങ്ങളിൽ തന്നെ തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലെത്തിയവരും മരണപ്പെട്ടവരും എത്ര പേർ ; ജില്ല തിരിച്ചും വർഷം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഭക്ഷ്യസുരക്ഷാവകുപ്പ് 2011 മുതൽ 2015 വരെ എത്ര റെയ്ഡുകൾ നടത്തി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഭക്ഷ്യസുരക്ഷാവകുപ്പിന് റെയ്ഡുകൾ നടത്തുന്നതിനും ഇതര പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും എത്ര ജീവനക്കാരുണ്ട് ; ഇവർ മാത്രം ഇത്തരം പ്രവർത്തനം നടത്തുന്നത് ഫലപ്രദമാകുന്നുണ്ടോ എന്നും പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പും മറ്റു അനുബന്ധ വകുപ്പുകളെയും സംയോജിപ്പിച്ച് ജില്ലകൾതോറും ഫലപ്രദമായ നിരീക്ഷണവും പരിശോധനയും ശക്തമാക്കാൻ എന്തുനടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly